## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3149** — **20.12.2012 - ൽ മറുപടിക്ക്**

## പുനലൂർ - മൂവാറ്റുപുഴ റോഡ് രണ്ടാം ഘട്ട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. രാജു എബ്രഹാം** | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പമന്ത്രി)** |
| (എ) പുനലൂർ -മൂവാറ്റുപുഴ റോഡ് നിർമ്മാണം കെ.എസ്.ടി.പി. യെ ഏൽപ്പിച്ചത് എന്നാണ്; പ്രസ്തുത റോഡിന്റെ നിർമ്മാണത്തിലെ ആദ്യഘട്ടം പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞിട്ടും രണ്ടാം ഘട്ടത്തിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) 2002 -ലാണ് പുനലൂർ -മൂവാറ്റുപുഴ റോഡ് നിർമ്മാണം കെ.എസ്.ടി.പി. യെ ഏൽപ്പിച്ചത്. ഈ റോഡിന്റെ മൂവാറ്റുപുഴ – തൊടുപുഴ ഭാഗം കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിൽപ്പെടുത്തി 2006 ഡിസംബർ മാസത്തിൽ നിർമ്മാണം പൂർത്തിയായി. ഈ റോഡിന്റെ തൊടുപുഴ- പുനലൂർ വരെയുള്ള ഭാഗം കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാം ഘട്ടം പൂർത്തിയാക്കാൻ ഉണ്ടായ കാലതാമസം കെ.എസ്.ടി.പി. രണ്ടാം ഘട്ടം ആരംഭിക്കുന്നതിന് തടസ്സമായിത്തീരുകയായിരുന്നു. |
| (ബി) രണ്ടാംഘട്ടത്തിലുൾപ്പെടുത്തിയിട്ടുള്ള പുനലൂർ - തൊടുപുഴ റോഡ് നിർമ്മാണത്തിന് ഏത് ഏജൻസിയിൽ നിന്നുമാണ് പണം ലഭിക്കുന്നത്; ഇതിന്റെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (ബി) ലോകബാങ്ക് ധനസഹായത്തോടു കൂടിയാണ് കെ.എസ്.ടി.പി. രണ്ടാം ഘട്ടം നടപ്പിലാക്കുന്നത്. ലോകബാങ്കുമായി തുടർ ചർച്ചകൾ നടന്നു വരുന്നു. 2013 മാർച്ച് മാസത്തോടു കൂടി ലോക ബാങ്കുമായി കരാറിൽ ഏർപ്പെടാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇനിയും ഏതൊക്കെ വില്ലേജുകളിലായി എത്ര സ്ഥലമാണ് കെ.എസ്.ടി.പി. ക്ക് വിട്ടു കിട്ടാനുള്ളത്; | (സി) | വളക്കോട്, പിറവന്തൂർ, പുന്നല, പത്തനാപുരം, ഏനാദിമംഗലം, കലഞ്ഞൂർ, കൂടൽ, കോട്ടയം, അരുവപ്പലം, കോന്നി, പ്രമാടം, പത്തനംതിട്ട, മൈലപ്ര, റാന്നി, പഴവങ്ങാടി, ചേതക്കൽ, മണിമല, വെള്ളവൂർ, ചെറുവള്ളി, ചിറക്കടവ്, എളംകുളം, എലിക്കുളം, പൂവരണി, മീനച്ചിൽ, ളാലം, ഭരണങ്ങാനം, വെള്ളിലപ്പള്ളി, കടനാട്, രാമപുരം, കരിംകുന്നം, തൊട്ടുപുഴ, കുമാരമംഗലം, മണക്കാട്, തുടങ്ങിയ വില്ലേജുകളിൽ നിന്ന് 0.9922 ഹെക്ടർ (2 ഏക്കർ 45 സെന്റ്) സ്ഥലം ഏറ്റെടുക്കാനുണ്ട്. അധിക ഭാഗവും അവാർഡ് തലത്തിലാണ്. |
| (ഡി) | സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതിനായി തടസ്സങ്ങൾ മുന്നിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ഡി) | ഇല്ല. ബാക്കി സ്ഥലങ്ങൾ ഏറ്റെടുക്കുവാനുള്ള നടപടികൾ ധൃതഗതിയിൽ പുരോഗമിക്കുന്നു. |
| (ഇ) | പ്രസ്തുത റോഡ് നിർമ്മാണം നടക്കാത്തതുമൂലം നിലവിലുള്ള റോഡാകെ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിന് താൽക്കാലികമായി എന്ത് ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേക്ക് ടെണ്ടർ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ? | (ഇ) | ഈ റോഡ് ഇതുവരെയും കെ.എസ്.ടി.പി., പൊതുമരാമത്ത് റോഡ് വിഭാഗത്തിൽ നിന്ന് ഏറ്റെടുത്തിട്ടില്ല. ഇപ്പോൾ ഈ റോഡിന്റെ മെയിന്റനൻസ് റോഡ് വിഭാഗം ചെയ്യുന്നുണ്ട്. ഈ റോഡിന്റെ ടെണ്ടർ 2013 ഫെബ്രുവരിയോടുകൂടി ചെയ്യാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ